# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 388 – 04/02/2020 - ലെ മറുപടിക്ക്

## വർദ്ധിച്ചുവരുന്ന പൊതുകടം

ചോദ്യം

ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്
ശ്രീ.സി.മമ്മൂട്ടി
ശ്രീ.പാറക്കൽ അബ്ദുല്ല
ശ്രീ.പി.കെ.ബഷീർ

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ പൊതുകടം ക്രമാതീതമായി വർദ്ധിച്ചുവരുന്നത് വികസന നേട്ടത്തിന്റെ സൂചകമായി കണക്കാക്കപ്പെടുന്നുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലപരിധിക്കുള്ളിലെ ആയത് സംബന്ധിച്ച വിവരങ്ങൾ വെളിപ്പെടുത്താമോ; | ക്രമാതീതമായി കടം വർദ്ധിപ്പിക്കാനാവില്ല. GSDP യുടെ 3 % ൽ ധനക്കമ്മി നിയന്ത്രിക്കുവാൻ നിയമപരമായി നാം ബാദ്ധ്യസ്ഥരാണ്. കേന്ദ്രസർക്കാരിന്റെ നടപ്പുസാമ്പത്തിക വർഷത്തെ ധനകമ്മി 3.8 ശതമാനമാകുമെന്നും 2020-21 ൽ അത് 3.5 ശതമാനമാകുമെന്നുമാണ് ബജറ്റിൽ പറഞ്ഞിട്ടുള്ളത്. കടമെടുത്തതുക പൂർണ്ണമായും ആസ്തി വികസനപ്രവർത്തനങ്ങൾക്കുള്ള നിക്ഷേപമാക്കുകയാണ് വേണ്ടത്. റവന്യൂകമ്മി ഇല്ലാതായാലെ ഇത് സാദ്ധ്യമാകൂ. റവന്യൂകമ്മി എല്ലാ പ്രയാസങ്ങളുടെയും ഇടയിലും കുറച്ചുകൊണ്ടു വരാനാണ് പരിശ്രമിക്കുന്നത്. മാത്രമല്ല Outstanding Debt ന്റെ വളർച്ചാനിരക്ക് കുറഞ്ഞു വരികയാണ്. തനത് വരുമാനം കുറവായിട്ടുള്ള കേരളം പോലുള്ള സംസ്ഥാനത്തിന് വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള കടമെടുപ്പ് ഒരു പരിധി വരെ അത്യന്താപേക്ഷിതമാണ്. അനുവദനീയമായ പരിധിയ്ക്കുള്ളിൽ നിന്നുള്ള കടമെടുപ്പിലൂടെ ആസ്തികൾ സൃഷ്ടിക്കുന്നത് സ്ഥായിയായ വികസനത്തിനും സമ്പദ്ഘടനയുടെ വളർച്ചയ്ക്കും അനുപേക്ഷണീയമാണ്. അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം 2016-17 വർഷം വരെയുള്ള പൊതുകടം 125882.86 കോടി രൂപയും 2017-18 വർഷം വരെയുള്ള പൊതുകടം 142984.53 കോടി രൂപയുമാണ്. അക്കൗണ്ടന്റ് ജനറലിന്റെ |

<table>
<tr><td></td><td></td><td>2018-19 വർഷത്തെ അന്തിമ കണക്കുകൾ ലഭ്യമായിട്ടില്ല.</td></tr>
<tr><td>(ബി)</td><td>നിലവിലെ പൊതുകടത്തിന് പ്രതിവർഷം പലിശയായി നൽകേണ്ട തുക കഴിച്ചാൽ ഓരോ വർഷവും കടമെടുക്കുന്ന തുകയിൽ വികസന പ്രവർത്തനങ്ങൾക്കായി എന്തു തുക ശേഷിക്കുമെന്ന് 2018-19 ലെ ബഡ്ജറ്റ് കണക്കുപ്രകാരം വിശദമാക്കാമോ;</td><td>സംസ്ഥാനത്തിന്റെ പൊതുകടവും (മൊത്തം) പലിശയും സംബന്ധിച്ച വിവരങ്ങൾ ചുവടെ പറയും പ്രകാരമാണ്.<br>(തുക കോടിയിൽ)
<table>
<tr><td></td><td>2016-17</td><td>2017-18</td><td>2018-19 (BE)</td></tr>
<tr><td>പൊതുകടം (മൊത്തം)</td><td>23857.89</td><td>30233.76</td><td>37121.02</td></tr>
<tr><td>പലിശ</td><td>9437.17</td><td>10961.90</td><td>12035.22</td></tr>
<tr><td>പലിശ കിഴിച്ചുള്ള പൊതുകടം (മൊത്തം)</td><td>14420.72</td><td>19271.86</td><td>25085.80</td></tr>
</table>
</td></tr>
<tr><td>(സി)</td><td>ഇതിന് പരിഹാരം കാണേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ എന്തെങ്കിലും ഫലപ്രദമായ നടപടി പരിഗണനയിലുണ്ടെങ്കിൽ വ്യക്തമാക്കാമോ?</td><td>നികുതി നികുതിയേതര വരുമാനം ഉയർത്തി റവന്യൂ കമ്മി ക്രമേണ ഇല്ലാതാക്കുക എന്ന സമീപനത്തിന് ഊന്നൽ നൽകിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. റവന്യൂ വരുമാനവും ചെലവും സംതുലിതമാക്കുകയും ധനകമ്മി നിശ്ചിത പരിധിയിൽ നിർത്തി വായ്പാത്തുക നിക്ഷേപത്തിനായി വിനിയോഗിക്കുകയും ചെയ്യുക എന്ന സമീപനമാണ് സ്വീകരിച്ചു വരുന്നത്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**